കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 8 | ജനവരി 15 2024
ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 വർണ്ണ വിസ്മയങ്ങൾ ഒരുക്കി വീണ്ടും ഒരു പൂപ്പൊലി കാലം
3 പട്ടികജാതി കർഷകർക്ക് വേണ്ടി പട്ടികജാതി ഉപപദ്ധതി പ്രോഗ്രാം
4 പൂകൃഷിക്ക് പ്രാധാന്യം നൽകും : കൃഷിമന്ത്രി പി. പ്രസാദ്

## അന്താരാഷ്ട്ര പുഷ്പ മേളയുടെ എട്ടാം പതിപ്പ് 'പൂപ്പൊലി 2024'

കേരള കാർഷിക സർവ്വകലാശാലയും കാർഷിക വികസന കർഷക ക്ഷേമ വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പുഷ്പ മേളയുടെ എട്ടാം പതിപ്പ് 'പൂപ്പൊലി 2024' അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ജനവരി ഒന്നിന് തുടക്കം കുറിച്ചു. ഐ.സി.ബാലകൃഷ്ണൻ എം. എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ഓൺലൈൻ ആയി നിർവഹിച്ചു. വയനാട് എം പി രാഹുൽ ഗാന്ധിയുടെ സന്ദേശം ചടങ്ങിൽ വായിച്ചു.

ഏതൊരു കൃഷിയെയും പോലെ പൂ കൃഷിയും ആദായകരമാണ്. 2024 ൽ പല നൂതന പദ്ധതികളും കൃഷിവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. അതിൽ പൂകൃഷിക്കും അർഹമായ പ്രാധാന്യം നൽകിയിട്ടുണ്ട്. പൂക്കളുടെ കയറ്റുമതി സാധ്യത വളരെ വലുതാണ്. അത് പരമാവധി പ്രയോജനപ്പെടുത്താൻ പൂപ്പൊലി പോലെയുള്ള ഒരു മഹോത്സവം ഏറെ സഹായകരമാണ് മന്ത്രി പി പ്രസാദ് പറഞ്ഞു.

സാമൂഹ്യ പ്രവർത്തകർ, രാഷ്ട്രീയ പ്രതിനിധികൾ, മറ്റു നിരവധി വിശിഷ്ട വ്യക്തികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഉദ്ഘാടന ദിനത്തിൽ സംഘടിപ്പിച്ച വിളംബര ജാഥയിൽ ജനപ്രതിനിധികൾ, ആർ എ ആർ എസിലെ ജീവനക്കാർ, തൊഴിലാളികൾ, കാർഷിക കോളേജ് വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു. ജനവരി 1 മുതൽ പതിനഞ്ച് വരെ തുടരുന്ന പൂപ്പൊലി പുഷ്പോത്സവത്തിൽ വിവിധയിനം സസ്യങ്ങൾ കൊണ്ടും പൂക്കൾ കൊണ്ടും മനോഹരമായ ഉദ്യാനങ്ങൾ, പുഷ്പാലങ്കാരങ്ങൾ, ലംബനിർമിതികൾ, കാർഷിക സെമിനാറുകൾ,സ്റ്റാളുകൾ, കലാസന്ധ്യ എന്നിവയാണ് പ്രധാന ആകർഷണങ്ങൾ. പൂപ്പൊലിയുടെ രണ്ടാമത്തെ ദിവസമായ നാളെ രാവിലെ പത്ത് മണി മുതൽ ഒരു മണി വരെ " പുഷ്പവിളകളിലെ പുത്തൻസാങ്കേതിക വിദ്യകളും കമ്പോള സാധ്യതകളും" എന്ന വിഷയത്തിൽ ഡോക്ടർ പ്രസാദ് .കെ .വി ( ഡയറക്ടറേറ്റ് ഓഫ് ഫ്ലോറികൾച്ചർ റിസർച്ച്, ICAR, പൂനെ) അവതരിപ്പിക്കുന്ന കാർഷിക സെമിനാർ ഉണ്ടാകും. വൈകുന്നേരം ഏഴ് മണി മുതൽ ഗാനമേള ആരംഭിക്കും.




ചീഫ് എഡിറ്റർ - ആശ എസ്. കുമാർ
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - പ്രശാന്ത് ജി.എസ്.
അസിസ്റ്റൻറ് എഡിറ്റർ - വിഷ്ണു എസ്.പി.

# വർണ്ണ വിസ്മയങ്ങൾ ഒരുക്കി വീണ്ടും ഒരു പൂപ്പൊലി കാലം





കേരള കാർഷിക സർവകലാശാലയും കാർഷിക വികസന കർഷക ക്ഷേമ വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പുഷ്പമേളയുടെ എട്ടാം പതിപ്പ് പൂപ്പൊലി 2024ന് പുതുവത്സര ദിനത്തിൽ വർണ്ണാഭമായ തുടക്കം കുറിച്ചു. ബഹു. കേരള സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി ശ്രീ പി .പ്രസാദ് ഉദ്ഘാടന കർമ്മം നിർവഹിച്ചു. വൈവിധ്യമാർന്ന അലങ്കാര വർണ്ണപുഷ്പങ്ങളുടെ അത്ഭുതകരമായ പ്രദർശനം, കൃഷി ഉയരങ്ങളിലേക്ക് എന്ന സന്ദേശം നൽകുന്ന വെട്ടിക്കൽ ഗാർഡനുകൾ, റോക്ക് ഗാർഡൻ, റോസ് ഗാർഡൻ, സൺഫ്ലവർ ഗാർഡൻ, അമ്യൂസ്മെൻ്റ് പാർക്ക്, ചിൽഡ്രൻസ് പാർക്ക് തുടങ്ങിയവയാണ് മേളയുടെ പ്രധാന ആകർഷണം. കൂടാതെ കാർഷിക മേഖലയിലെ ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ വിദഗ്ധർ നയിക്കുന്ന പതിനഞ്ചോളം കാർഷിക സെമിനാറുകളും നടത്തപ്പെടുന്നു. കേരളത്തിൻറെ നാനാഭാഗത്തുനിന്നും നിരവധി കർഷകരാണ് സെമിനാറി

ന് എത്തിച്ചേരുന്നത്. കൂടാതെ സംശയനിവാരണത്തിനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. വിവിധ സർക്കാർ-അർദ്ധസർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും കർഷകർ, സംരംഭകർ എന്നിവരുടെയും സ്റ്റാളുകളാണ് പ്രദർശനമേളയിൽ ഒരുക്കിയിരിക്കുന്നത്. പുഷ്പാലങ്കാരം, വെജിറ്റബിൾ കാർവിങ്, അഗ്രി ക്വിസ്,കുക്കറി ഷോ, പെറ്റ് ഷോ, ഫ്ലവർ ബോയ് ഫ്ലവർ ഗേൾ തുടങ്ങി നിരവധി ഇനം മത്സരങ്ങളും ഈ പുഷ്പോത്സവത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. സായാഹ്നങ്ങളിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കലാകാരന്മാർ എല്ലാ ദിവസവും വൈകുന്നേരം സ്റ്റേജ് പ്രോഗ്രാമുകൾ അവതരിപ്പിക്കുന്നുണ്ട്. എല്ലാ ദിവസവും രാവിലെ 9 മുതൽ രാത്രി 8:30 വരെയാണ് പുഷ്പ നഗരിയിൽ സന്ദർശകർക്ക് പ്രവേശനം ഉള്ളത്. പൂപ്പൊലി 2024 കാണാൻ ഏറ്റവും കുറഞ്ഞ ചിലവിൽ യാത്ര പാക്കേജ് ഒരുക്കി കെഎസ്ആർടിസിയും കൂടെ തന്നെയുണ്ട്. പൂക്കളുടെ വർണ്ണപ്പൊലിമയിൽ തിളങ്ങുന്ന പൂപ്പൊലി നഗരിയെ മാലിന്യമുക്തമാക്കാൻ പൂർണമായും ഹരിത പെരുമാറ്റ ചട്ടങ്ങൾ പാലിച്ചു കൊണ്ടാണ് നടത്തപ്പെടുന്നത്.





# പട്ടികജാതി കർഷകർക്ക് വേണ്ടി പട്ടികജാതി ഉപപദ്ധതി പ്രോഗ്രാം

കേരള കാർഷിക സർവകലാശാലയിലെ വെള്ളാനിക്കര കാർഷിക കോളേജിലെ കാർഷിക കാലാവസ്ഥ ശാസ്ത്ര വിഭാഗം, അഖിലേന്ത്യ ഏകോപിത കാർഷിക കാലാവസ്ഥ ഗവേഷണ പദ്ധതിയുടെയും, കാലാവസ്ഥ പ്രതിരോധ കൃഷിയെക്കുറിച്ചുള്ള ദേശീയ കണ്ടുപിടുത്തങ്ങൾ എന്ന പദ്ധതിയുടെയും ഭാഗമായി പട്ടികജാതി കർഷകർക്ക് വേണ്ടി പട്ടികജാതി ഉപപദ്ധതി പ്രോഗ്രാം സംഘടിപ്പിച്ചു. വെള്ളാനിക്കര കാർഷിക കോളേജ് ഡീൻ ഡോ.മണി ചെല്ലപ്പൻ മുഖ്യാതിഥിയായിരുന്നു. കാർഷിക കോളേജിലെ കാർഷിക കാലാവസ്ഥ വിഭാഗം മേധാവി ഡോ.ബി.അജിത്കുമാർ സ്വാഗതം പറഞ്ഞു. കാർഷിക മേഖലയുടെ ശാക്തീകരണത്തിന്റെ ഭാഗമായി




പാലക്കാട് ജില്ലയിലെ പന്ത്രണ്ട് പട്ടികജാതി കർഷകർക്ക് പുല്ലുവെട്ടി യന്ത്രം, അർബാന, കോണോവീഡർ തുടങ്ങിയ കാർഷികോപകരണങ്ങൾ വിതരണം തുടങ്ങിയവർ .സന്നിഹിതരായിരുന്നു.

# ആർ.എ.ആർ.എസ് ഫാം കാർണിവൽ – 2024 ഉദ്ഘാടനം ചെയ്തു

ആർ.എ.ആർ.എസ് ഫാം കാർണിവൽ - 2024' കാസറഗോഡ് ജില്ലാ കലക്ടർ ഡോ.കെ. ഇമ്പശേഖർ ഐ.എ.എസ് ബി.ആർ.സി, ചെറുവത്തൂരിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്കൊപ്പം പട്ടം പറത്തിക്കൊണ്ട് ഉദ്ഘാടനം ചെയ്തു.

തുടർന്ന് പിലിക്കോട് പഞ്ചായത്ത് പ്രസിഡന്റ് കുമാരി.പ്രസന്നകുമാരി.പി.പി -യുടെ അധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ബഹു.കലക്ടർ കൃഷിയുടെ പ്രാധാന്യത്തെ കുറിച്ച് ഓർമ്മിപ്പിച്ചു. കേന്ദ്രം മേധാവി. ഡോ.വനജ.ടി സ്വാഗതം പറഞ്ഞ ചടങ്ങിൽ, മഞ്ചേശ്വരം എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ മേധാവി ഡോ.ബി.രമേശ, വാർഡ് മെമ്പർ ശ്രീമതി.അജിത.പി, പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രം മേധാവി ഡോ.രശ്മി പോൾ, വിദ്യാകിരണം മിഷൻ കാസറഗോഡ് ജില്ലാ കോർഡിനേറ്റർ ശ്രീ.സുനിൽ കുമാർ.എം, എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കാർണിവലിന്റെ ഭാഗമായി ഗവേഷണ കേന്ദ്രം സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തിയ ക്വിസ് മത്സര വിജയികൾക്കുള്ള സമ്മാനദാനം ചടങ്ങിൽ വെച്ച് പടന്നക്കാട് കാർഷിക കോളേജ് ഡീൻ ഡോ.സജിതാറാണി നിർവ്വഹിച്ചു. പ്രശസ്ത മൗത്ത് പെയിന്റിംഗ് കലാകാരി ശ്രീമതി.സുനിത തൃപ്പാണിക്കര ചടങ്ങിൽ വിശിഷ്ടാതിഥിയായി പങ്കെടുത്തു. കേന്ദ്രം അസോസിയേറ്റ് പ്രൊഫസർ ശ്രീ.രതീഷ്.പി.കെ നന്ദിയും പറഞ്ഞു.




# പൂകൃഷിക്ക് പ്രാധാന്യം നൽകും : കൃഷിമന്ത്രി പി. പ്രസാദ്

പൂകൃഷിക്ക് അനുയോജ്യമായ കാലാവസ്ഥയാണ് കേരളത്തിന്റേത്. പൂക്കൾക്ക് വൻ ആവശ്യകതയാണ് അന്താരാഷ്ട്ര തലത്തിൽ നിലവിലുള്ളത്. ഈ കയറ്റുമതി സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് കേരളത്തിൽ പൂ കൃഷി വ്യാപിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പ്രാധാന്യം നൽകും കൃഷി മന്ത്രി പി പ്രസാദ് പറഞ്ഞു.

ആർ.എ.ആർ. എസ് അമ്പലവയലും കൃഷിവകുപ്പും ചേർന്ന് നടത്തുന്ന പുഷ്പോത്സവമായ പൂപ്പൊലിയുടെ സെമിനാറും അവസാന വർഷ വിദ്യാർത്ഥികളുടെ ഗ്രാമീണ അവബോധ പ്രവർത്തി പരിചയ പരിപാടിയും



ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

കാർഷിക മേഖലയുടെ പ്രാധാന്യത്തെക്കുറിച്ചും വിദ്യാർത്ഥികൾ വഹിക്കേണ്ട ചുമതലയെപ്പറ്റിയും അദ്ദേഹം പരാമർശിച്ചു. ദൈവീകമായ ഉത്തരവാദിത്വമാണ് ഓരോ കാർഷിക ബിരുദ വിദ്യാർത്ഥികൾക്കും ഉളളത്. വയനാട് ജില്ലയിൽ കാലാവസ്ഥാ വ്യതിയാനം ഉണ്ടാകുന്നത് കൊണ്ട് കാർബൺ ന്യൂട്രൽ ഫാമിങ്ങിന് പ്രാധാന്യം നൽകണം. വന്യമൃഗങ്ങളുടെ ആക്രമണം ചെറുക്കാൻ പദ്ധതികൾ ആവിഷ്കരിക്കുമെന്നും മന്ത്രി അറിയിച്ചു.

വിവിധ പഴവർഗങ്ങളിൽ നിന്ന് വൈൻ, ജാം തുടങ്ങിയ മൂല്യവർധിത ഉത്പന്നങ്ങൾ ഉണ്ടാക്കാനും വിപണനം നടത്താനും കർഷകർക്ക് നിരന്തമായ പരിശീലനം നൽകേണ്ടതുണ്ട്. അതിനു കാർഷിക സർവകലാശാല നൽകുന്ന പങ്ക് വലുതാണ്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിന് പ്രാധാന്യം നൽകുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ പോകുന്നത്. സിയാൽ മോഡൽ കമ്പനിയായ കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) കാർഷിക ഉത്പനങ്ങളുടെയും മൂല്യവർധക ഉത്പന്നങ്ങളുടേയും കാര്യക്ഷമമായ വിപണനത്തിന് വേണ്ടി സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്. വൻ സാധ്യതയാണ് ഇതുവഴി കർഷകർക്കും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാതാക്കൾക്കും തുറന്നു കൊടുക്കുന്നത്. മന്ത്രി പറഞ്ഞു.

വയനാടിന്റെ തന്നെ ഉത്സവമായി മാറിയ പൂപ്പൊലി കാണുവാനും ആസ്വദിക്കുവാനും കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും, ഈ പരിപാടി കേരള ജനത കാണേണ്ട കാഴ്ച തന്നെയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷംസാദ് മരക്കാർ പരിപാടിയിൽ അധ്യക്ഷത വഹിച്ചു.ത്രിതല ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു. കേരള കാർഷിക സർവകലാശാല ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ ഡോ. ജേക്കബ് ജോൺ സ്വാഗതവും പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം അസോസിയേറ്റ് ഡയറക്ടറും അമ്പലവയൽ കാർഷിക കോളേജ് ഡീനുമായ സി. കെ യാമിനി വർമ്മ നന്ദിയും പറഞ്ഞു.

# എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും വെറ്റിനറി ആംബുലൻസ് യൂണിറ്റ് ആരംഭിക്കും – മന്ത്രി ജെ. ചിഞ്ചുറാണി

സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും വെറ്റിനറി ആംബുലൻസ് യൂണിറ്റ് ആരംഭിക്കുമെന്ന് ക്ഷീരവികസന- മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി.കോഴിക്കോട് ജില്ലാ ക്ഷീരകർഷക സംഗമം ഉദ്ഘാടനം നിർവ്വഹിച്ചു കൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

രാത്രിയിലും ഡോക്ടർമാരുടെ സേവനം ഉറപ്പാക്കാനും വീടുകളിലെത്തി ചികിത്സ നൽകാനും വെറ്റിനറി ആംബുലൻസ് യൂണിറ്റ് വഴി സാധിക്കും. കൂടാതെ എല്ലാ ജില്ലയിലും ഉടൻ ടെലി വെറ്റിനറി യൂണിറ്റുകൾ തുടങ്ങും. പശുക്കളുടെ എക്സ്റേ എടുക്കുന്നതിനും അത്യാവശ്യ ശസ്ത്രക്രിയകൾ നടത്തുന്നതിനും ഉൾപ്പെടെ എല്ലാ സംവിധാനങ്ങളുമുള്ള, ഒരു യൂണിറ്റിന് ഏകദേശം ഒരു കോടി രൂപ ചെലവ് വരും. ഇത് കർഷകർക്ക് ഏറെ പ്രയോജനപ്രദം ആയിരിക്കും. മന്ത്രി പറഞ്ഞു.

മൃഗസംരക്ഷണ മേഖലയിൽ



വലിയ മാറ്റങ്ങളാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. രാജ്യത്ത് ഏറ്റവും കൂടുതൽ പാലിന് വില ലഭിക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്ന പ്രക്രിയയിലാണ് നാം . കർഷകർക്ക് ഉൽപ്പാദനച്ചെലവ് കുറച്ചു കൊണ്ട് വരുന്നതിനുള്ള പദ്ധതിയും ആവിഷ്കരിക്കും. മിച്ചമുള്ള സ്ഥലം കൂടുതൽ കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് തീറ്റപ്പുൽ കൃഷി ഉൾപ്പെടെ പ്രത്യേകം പദ്ധതികൾ നടപ്പിലാക്കുന്നതിന് സബ്സിഡികളും പ്രോത്സാഹനവും നൽകിവരുന്നു.

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എൻ.പി ബാബു അധ്യക്ഷത വഹിച്ച ചടങ്ങിൽ ആവള ക്ഷീരസംഘം പ്രസിഡന്റ് കെ. നാരായണക്കുറുപ്പ് സ്വാഗതം പറഞ്ഞു.ക്ഷീരവികസന വകുപ്പ് ജോയിന്റ് ഡയറക്ടർ ശാലിനി ഗോപിനാഥ് പദ്ധതി വിശദീകരണം നടത്തി. ജില്ലയിലെ മുതിർന്ന ക്ഷീരകർഷകനെയും മികച്ച ക്ഷീരസംഘത്തെയും മന്ത്രി ആദരിച്ചു.

തുടർന്ന് ജില്ലയിലെ മികച്ച ക്ഷീരകർഷകകൻ, ക്ഷേമനിധി അംഗമായ ജില്ലയിലെ മികച്ച കർഷകൻ, വനിത ക്ഷീരകർഷക , യുവ കർഷകൻ, ഏറ്റവും കൂടുതൽ പാൽ സംഭരിച്ച ആപ്കോസ് ക്ഷീരസംഘം, ഏറ്റവും കൂടുതൽ പാൽ സംഭരിച്ച നോൺ ആപ്കോസ് ക്ഷീരസംഘം ,ഏറ്റവും ഗുണനിലവാരമുള്ള പാൽ യൂണിയന് നൽകിയ ക്ഷീരസംഘം , പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ മികച്ച കർഷകൻ, പാൽ സംഭരണ വർദ്ധനവ് നേടിയ ക്ഷീരസംഘം , മികച്ച പുൽ കൃഷിത്തോട്ടം, എന്നിങ്ങനെ അവാർഡുകൾ നൽകി.

മിൽമ ചെയർമാൻ കെ.എസ് മണി, ക്ഷീരകർഷക ക്ഷേമ നിധി ചെയർമാൻ വി.പി ഉണ്ണികൃഷ്ണൻ, ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ പി ഗവാസ്, ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ.ടി ഷിജിത്ത്, പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സി.കെ പാത്തുമ്മ ടീച്ചർ, ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ മോനിഷ പി മെമ്പർമാരായ കെ. അജിത, എം എം രഘുനാഥ്, കെ.എം ബിജിഷ,വി.പി പ്രവിത, മിൽമ ഡയറക്ടർമാരായ ശ്രീനിവാസൻ മാസ്റ്റർ, ഗിരീഷ് കുമാർ പിടി , ജില്ലാ മൃഗസംരക്ഷണ ഓഫീസർ കെ.ആർ ഉണതീത ,പ്രദീപ് പി.പി. കെ.കെ ഭാസ്കരൻ മാസ്റ്റർ സി.ബാബു, ഡെപ്യൂട്ടി ഡയറക്ടർ ജീജ കെ എം (ഇൻ ചാർജ് ) എന്നിവർ സംസാരിച്ചു.

# കർഷകരുടെ ഉന്നമനവും കാർഷിക മേഖലയിലെ വികസനവും ലക്ഷ്യമിട്ടുള്ള കേര (KERA) പദ്ധതിക്ക് സർക്കാർ അംഗീകാരം : കൃഷിമന്ത്രി പി പ്രസാദ്

കാലാവസ്ഥാ പ്രതിരോധ കാർഷിക രീതികൾ അവലംബിച്ച് കാർഷിക- ഭക്ഷ്യ മേഖലയിലെ നിക്ഷേപത്തിലൂടെ പ്രാദേശിക സമ്പദ് വ്യവസ്ഥയെ ഊർജ്ജിതപ്പെടുത്തുക എന്ന ആശയത്തിൽ ലോക ബാങ്ക് ധനസഹായത്തോടെ നടപ്പാക്കുന്ന കേരള കാർഷിക കാലാവസ്ഥ പ്രതിരോധ- മൂല്യവർധിത ശൃംഖലാ- നവീകരണ പദ്ധതിയായ കേര (Kerala Climate Resilient Agri Value Chain Modernization Project – KERA) സംസ്ഥാന കൃഷിവകുപ്പിൻറെ നേതൃത്വത്തിൽ നടപ്പാക്കുന്നതിന് മന്ത്രിസഭാ അംഗീകാരം ലഭിച്ചതായി കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് അഭിപ്രായപ്പെട്ടു. ലോക ബാങ്കിന്റെ ഇൻവെസ്റ്റ്മെന്റ് പ്രൊജക്റ്റ് ഫൈനാൻസിങ് പോളിസി ഉപയോഗപ്പെടുത്തുന്ന ഈ പദ്ധതി ചെറുകിട കർഷകർ, കാർഷികാധിഷ്ഠിത സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ എന്നിവർ വഴി ഭക്ഷ്യമേഖലയിലെ വാണിജ്യവത്ക്കരണം, കാർഷിക വിതരണ ശൃംഖലകളുടെ നവീകരണം, കാലാവസ്ഥയെ പ്രതിരോധിക്കുന്ന രീതികൾ അവലംബിച്ച് കൃഷിയിലും അനുബന്ധമേഖലയിലും നിക്ഷേപം നടത്തി പ്രാദേശിക സമ്പദ് വ്യവസ്ഥയെ ഊർജ്ജിതപ്പെടുത്തൽ എന്നിവ ലക്ഷ്യമിടുന്നു. 2365 കോടി രൂപയുടെ പദ്ധതിയിൽ സംസ്ഥാന വിഹിതം 709 കോടി രൂപയും ലോക ബാങ്ക് വിഹിതം 1655 കോടി രൂപയുമാണ്. ഈ പദ്ധതിയുടെ നിർവ്വഹണം അഞ്ച് ഘടകങ്ങളിലൂടെ നടപ്പാക്കും.

### കൃഷിയിലെ കാലാവസ്ഥ പ്രതിരോധവും ലഘൂകരണവും

സംസ്ഥാനത്ത് അഗ്രോ ഇക്കോളജിക്കൽ യൂണിറ്റ് തലത്തിൽ വിവിധ വിളകളുടെയും പ്രദേശങ്ങളുടെയും കാലാവസ്ഥാ വ്യതിയാന ഭീഷണി വിലയിരുത്തലുകൾ നടത്തി ലഘൂകരണ തന്ത്രങ്ങൾ രൂപപ്പെടുത്തുക, കൃഷിഭവനകൾ വഴി ക്ലൈമറ്റ് സ്മാർട്ട് അഗ്രികൾച്ചർ സ്വീകരിക്കുന്നതിന് പിന്തുണ നൽകുക, തെരഞ്ഞെടുത്ത വിളകൾക്ക് അനുയോജ്യമായ കാലാവസ്ഥയുമായി താദാത്മ്യമുള്ള രീതികൾ വിദഗ്ധ സ്ഥാപനങ്ങളുടെ സഹായത്തോടെ വികസിപ്പിക്കുക, കർഷകർക്ക് മെച്ചപ്പെട്ട കാലവസ്ഥ പ്രതിരോധ സേവനങ്ങൾ എത്തിക്കുന്നതിന് മാനവ വിഭവശേഷി, അടിസ്ഥാനസൗകര്യ വികസനം, വിവര സാങ്കേതികവിദ്യ മേഖലയിലുള്ള നിക്ഷേപം എന്നിവ വഴി വിജ്ഞാന വ്യാപന, ഉപദേശക സേവന ദാതാക്കളുടെ ശേഷി വർദ്ധിപ്പിക്കുക, കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾ നേരിടുന്നതിനുള്ള പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനായി കർഷകർക്ക് സമയോചിതമായി കാലാവസ്ഥാ ഉപദേശങ്ങൾ വിള അടിസ്ഥാനപ്പെടുത്തി നൽകുക, മെച്ചപ്പെട്ട ജല ഉപയോഗ ക്ഷമതയ്ക്കും, കാർബൺ ബഹിർഗമനം കുറയ്ക്കുന്ന

തിനുമായി ഇന്റർനാഷണൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ 20,000 ഹെക്ടർ നെൽപ്പാടങ്ങളിൽ ലോ-കാർബൺ നെൽകൃഷി ആരംഭിക്കുക എന്നിവ ഈ ഘടകത്തിലൂടെ നടപ്പാക്കുവാൻ ലക്ഷ്യമിടുന്നു. ഇവ പ്രവർത്തികമാക്കുന്നതോടെ കർഷകർക്കായി പേയ്മെൻറ് ഫോർ ഇക്കോസിസ്റ്റം (പി.ഇ.എസ്) എന്ന സമ്പ്രദായത്തിന് തുടക്കം കുറിക്കുവാനും സാധിക്കും.

### മൂല്യ വർദ്ധനവിനായി ചെറുകിട കാർഷിക വാണിജ്യവൽകരണം വർധിപ്പിക്കൽ

ചെറുകിട കർഷകരുടെ വിപണി പ്രവേശന ക്ഷമത സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സുസ്ഥിര ഉൽപാദന സഖ്യങ്ങൾ രൂപീകരിക്കുക, കാർഷിക മൂല്യശൃംഖലയിലെ ഉത്പാദകർ/കർഷകർ, കച്ചവടക്കാർ എന്നിവർ തമ്മിലുള്ള പരസ്പര ബന്ധം ശക്തിപ്പെടുത്തുക, കമ്മോഡിറ്റി ബോർഡുകളുടെ വൈദഗ്ധ്യം ഉപയോഗപ്പെടുത്തി പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ കൂടെ സഹായത്തോടെ റബർ, ഏലം, കാപ്പി എന്നീ വിളകളുടെ പുനരുജ്ജീവനവും കർഷകർക്കുള്ള സാങ്കേതിക സഹായവും നൽകൽ, ചെറുകിട ഭൂഉടമസ്ഥരുടെ തരിശു ഭൂമികൾ അനുമതിയോടെ കൃഷിക്കായി ഉത്പാദനക്ഷമമാക്കി മാറ്റൽ എന്നിവ ഈ ഘടകം വഴി നടപ്പാക്കുന്നു.

### അഗ്രി ബിസിനസ്സ്, അഗ്രി സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യ കാർഷിക മേഖലയിലെ ചെറുകിട, ഇടത്തരം സംരംഭങ്ങൾ എന്നിവയുടെ ശാക്തീകരണം

കേരളത്തിലെ കാർഷിക ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മത്സര ക്ഷമതയും വളർച്ചയും ത്വരിതപ്പെടുത്തുക, വ്യവസായ വകുപ്പിൽ നിലവിലുള്ള മിഷൻ 1,000 പദ്ധതിയുമായി സഹകരിച്ച് ഉയർന്ന വളർച്ച നിരക്കുള്ള കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് സാങ്കേതിക വൈദഗ്ധ്യം നല്കുന്നതിനും, വിപണനം മെച്ചപ്പെടുത്തുന്നതിനും, വാണിജ്യ



ധനസഹായം സമാഹരിക്കുന്നതിനും, ഭക്ഷ്യ ഗുണനിലവാരവും, സുരക്ഷാ മാനദണ്ഡങ്ങളും മെച്ചപ്പെടുത്തുന്നതിനും സാങ്കേതികമായും, സാമ്പത്തികമായും സഹായം നൽകുന്നത് വഴി കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഒന്നും രണ്ടും ഘടകങ്ങളുമായി സമന്വയിപ്പിച്ചു കൊണ്ട് കാർഷിക മേഖലയിലെ കാലാവസ്ഥാധിഷ്ഠിതമായ വിവിധ വെല്ലുവിളികളെ നേരിടാനുള്ള സാങ്കേതിക സഹായങ്ങൾ കേരള സ്റ്റാർട്ടപ്പ് മിഷന്റെ കീഴിലുള്ള അഗ്രി സ്റ്റാർട്ടപ്പുകൾ വഴി സാധ്യമാക്കുക, സംസ്ഥാനത്ത് കാർഷിക മേഖലയിൽ നിക്ഷേപ സാധ്യതകൾ ഉടലെടുക്കുവാനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും മൂല്യ വർദ്ധിത ശൃംഖല വികസിപ്പിക്കുവാനും അഗ്രിപാർക്കുകൾക്കുള്ള സഹായം ലഭ്യമാക്കുക എന്നിവ ഈ ഘടകം വഴി നടപ്പിലാക്കും.

### പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്

പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റേയും റീജിയണൽ സബ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളുടെയും പ്രവർത്തനങ്ങൾ, പദ്ധതി ഘടകങ്ങളുടെ അനുബന്ധ നിർവ്വഹണ യൂണിറ്റുകളായ വ്യവസായ വകുപ്പ്, കേരള കാർഷിക സർവകലാശാല, കിൻഫ്ര, കേരള സ്റ്റാർട്ടപ്പ് മിഷൻ എന്നിവർക്കും പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായ ധനസഹായം ഈ ഘടകത്തിലൂടെ ചെലവഴിക്കും.

### കണ്ടിജന്റ് എമർജൻസി റെസ്പോൺസ് ഘടകവും കാലാവസ്ഥാ ധനസഹായവും

പദ്ധതി കാലയളവിൽ കേരളത്തിൽ എന്തെങ്കിലും പ്രകൃതി ദുരന്തത്തിന്റെ ആഘാതമുണ്ടായാൽ ദ്രുതഗതിയിൽ പദ്ധതി സുഗമമായി പുനഃസംഘടിപ്പിക്കുന്നതിന് ലോക ബാങ്കിനെ അനുവദിക്കുക എന്ന ലക്ഷ്യത്തിൽ ചെലവുകൾ ഒന്നും തന്നെ ഉൾപ്പെടുത്താതെ അടിയന്തിര പ്രതികരണ ഉപഘടകവും പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന കൃഷി വകുപ്പിൻറെ നേതൃത്വത്തിൽ നടപ്പാക്കുന്ന ഈ പദ്ധതിയിൽ കൃഷി വകുപ്പിന് കീഴിലെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, മണ്ണ് പര്യവേക്ഷണ - മണ്ണ് സംരക്ഷണ വകുപ്പ്, വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ വകുപ്പിന് പുറമെ പ്ലാന്റേഷൻ ഡയറക്ടറേറ്റ്, കിൻഫ്രാ എന്നിവരും, ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യ വകുപ്പിന് കീഴിലെ കേരള സ്റ്റാർട്ടപ്പ് മിഷനും നിർവ്വഹണത്തിന്റെ ഭാഗമാകുന്നുണ്ട്.

# ചേന



- പ്രധാന കിഴങ്ങുവിളയായ ചേന ഫെബ്രുവരി മാസത്തോടുകൂടി നടാവുന്നതാണ്. ഇതിനായി മുറിച്ചു വച്ചിരിക്കുന്ന വിത്തുകൾ ചാണകവെള്ളത്തിൽ മുക്കി തണലത്തു വച്ച് ഉണക്കുക. ചേനയിൽ വരാൻ സാധ്യതയുള്ള നിമാവിരകളെ അകറ്റുന്നതിന്റെ മുൻകരുതലായി ബാസില്ലസ് കൾച്ചർ 3 ഗ്രാം ഒരു കിലോഗ്രാം വിത്തിനു എന്ന കണക്കിൽ വിത്ത് പരിചരണത്തിനായി ഉപയോഗിക്കുക.

# പച്ചക്കറി



- അന്തരീക്ഷ താപനില ഉയർന്നു നിൽക്കുന്നതിനാൽ പച്ചക്കറികളിൽ നീരൂറ്റി കുടിക്കുന്ന പ്രാണികൾ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിൽ ഒരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക

# വഴുതന



- വഴുതനയിൽ കാണപ്പെടുന്ന തണ്ട് തുരപ്പന്റെ ആക്രമണം നിയന്ത്രിക്കുന്നതിനായി 5% വീര്യമുള്ള വേപ്പിൻകുരു സത്ത് 10 ദിവസം ഇടവിട്ട് തളിച്ചു കൊടുക്കാവുന്നതാണ്. അല്ലെങ്കിൽ ബാസ്സിലസ് തുറിഞ്ചിയൻസിസ് ഫോർമുലേഷനുകൾ ശർക്കര കൂടി ചേർത്ത് ഉപയോഗിക്കാവുന്നതാണ്.

# കന്നുകാലി



- കന്നുകാലികൾക്ക് അപകടകാരികളായ സൂര്യ വികിരണങ്ങൾ ഏൽക്കാതിരിക്കാൻ കാലത്ത് 9 മണിക്ക് മുൻപോ വൈകുന്നേരം 4 മണിക്ക് ശേഷമോമാത്രം മേയാൻ അനുവദിക്കുക. അതിൽ വൈകുന്നേരം മേയാൻ വിടുന്നതാണ് കൂടുതൽ നല്ലത്.
- അന്തരീക്ഷത്തിലെ ചൂട് കൂടി വരുന്നതിനാൽ കന്നുകാലികൾക്ക് ധാരാളം തണുത്ത വെള്ളം കൊടുക്കുക. അതിരാവിലെയും വൈകിട്ടും പുല്ല്, വൈക്കോൽ മുതലായ പരുഷാഹാരങ്ങൾ നൽകുക. നേരിട്ട് സൂര്യാഘാതം ഏൽക്കാത്ത രീതിയിൽ മാറ്റി കെട്ടുക

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sreekala S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh